ശ്രീ. ടി. കെ. ദിവാകരൻ : അതു സെക്രട്ടറിയും സ്റ്റാഫും ഒന്നും ഇല്ലാത്തതുകൊണ്ടാണെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു പല കാരണങ്ങളും ഉണ്ട്.

ശ്രീ. ടി. ടി. കേശവൻ മാസ്റ്റർ : ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

"ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമംവേജസ്"

* 126. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിച്ചുകൊണ്ടുള്ള ഗവണ്മെന്റ് വിജ്ഞാപനത്തിലെ ജോലിസമയത്തെ സംബന്ധിച്ചു ഗവണ്മെന്റിന്റെ ഒരു വിശദീകരണം ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാണ് ആ വിശദീകരണം ആവശ്യപ്പെട്ടത്;

(സി) ഗവണ്മെന്റ് വിശദീകരണം നൽകിയോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിച്ചുകൊണ്ടുള്ള ഗവണ്മെന്റ് വിജ്ഞാപനത്തിലെ ജോലി സമയത്തെ സംബന്ധിച്ച ഗവണ്മെന്റിന്റെ ഒരു വിശദീകരണം ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിട്ടില്ല.

(ബി, സി) ഉദിക്കുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : ഒരു തൊഴിൽത്തർക്കം സംബന്ധിച്ചു ലേബർ കമ്മീഷണർ കൊടുത്ത മറുപടിയിൽ ജോലിസമയത്തെ സംബന്ധിച്ചു ഗവണ്മെന്റിനിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മീഷണർ അങ്ങനെ പറഞ്ഞിരിക്കാൻ ഇടയില്ല. കാരണം കമ്മീഷണർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടെന്നു കമ്മീഷണരുടെ മറുപടി കാണിച്ചാൽ വിശ്വസിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അപ്പോൾ ഞാൻ എന്റെ മറുപടി മാറ്റാം.

ശ്രീ. പി. വിശ്വംഭരൻ : മിനിമംവേജസ് നിയമമനുസരിച്ചുള്ള കാര്യങ്ങൾ പല സ്ഥലങ്ങളിലും നടപ്പിൽ വരുത്തിയിട്ടില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ജനറൽ ആണ്. എവിടെയാണെന്നു പറഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : അക്കാറിൽ ചില ഭാഗങ്ങൾ വ്യക്തമല്ലാത്തതുകൊണ്ട് മിനിമംവേജസ്സ് നടപ്പിൽവരുത്തുവാൻ പ്രയാസമുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവ്യക്തത ഉണ്ടെങ്കിൽ മാറ്റാം.

ശ്രീ. ആർ. സുഗതൻ : ശ്രീ. കെ. എൻ. ശങ്കരപ്പിള്ള മിനിമം വേജസ്സ് കൊടുത്തിട്ടില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ : അതിനെ തൊഴിലാളികൾ പരാതി കൊടുത്തിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ഹോസ്റ്റൽ ഫീസ്.

* 127. [8] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറിലെ കോളേജുകളിലെ ഹോസ്റ്റൽ ഫീസ് കഴിഞ്ഞ വർഷം എത്ര രൂപയാണ് ഈടാക്കിയത്;

(ബി) ഈ വിദ്യാലയവർഷത്തിലെ ഹോസ്റ്റൽഫീസ് നിരക്ക് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): 1954-55, 1955-56 ഈ വർഷങ്ങളിൽ ഹോസ്റ്റലുകളുടെ ഫീസു നിരക്കു കാണിക്കുന്ന പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു. പട്ടിക ദീർഘമായതുകൊണ്ട് വായിക്കുന്നില്ല.

എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 128. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറിൽ എവിടെയെല്ലാം എൻ. ഇ. എസ്സ്. ബ്ലോക്കുകൾ പ്രവർത്തനം നടത്തുന്നുവെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) എൻ. ഇ. എസ്സ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനു സഹായിച്ചിട്ടുള്ള മാനദണ്ഡം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സ്റ്റേറിൽ ചിറയർ, ഉഴവൂർ, മാവേലിക്കര, കൊട്ടാരക്കര, പള്ളിക്കീഴ്, തിരുവനന്തപുരം റൂറൽ, കഴക്കൂട്ടം, ആയ്യാട്ട്, റാന്നി, ചങ്ങനാശ്ശേരി, നെന്മാറ ഈ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

* Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly